47770

<u>കേരള സർക്കാർ</u>

<u>സംഗ്രഹം</u>

വനം, വന്യജീവി വകുപ്പ്-തൃശ്ശൂർ ഡിവിഷനിൽ പീച്ചി റെയിഞ്ചിലെ എൻ.ആർ.എഫ്-കൂപ്പുകളിൽ നിന്നുള്ള തടിയും വിറകും വെട്ടിക്കാട് ഡിപ്പോയിൽ ഇറക്കിയത് സംബന്ധിച്ച്-അധികദൂരത്തിന് ബേസിക് റേറ്റിന്റെ 68% കൂടുതൽ നിരക്ക് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - -

<u>വനം, വന്യജീവി (ബി) വകുപ്പ്</u>

ജി.ഒ.(ആർ.ടി)315/95/വനം     തിരുവനന്തപുരം, തീയതി: 18.8.95

- - - - - - - - - - - - - - - - - - - - - - - -

പരാമർശം:- 1. 24.6.93ലെ ജി.ഒ.(ആർ.ടി)314/93/വനം എന്ന ഉത്തരവ്
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 5.4.95 ലെ സി5-5810/95 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ ഡിവിഷനിൽ പീച്ചി റെയിഞ്ചിലെ എൻ.ആർ.എഫ്. കൂപ്പുകളിൽ നിന്നും ശേഖരിക്കുന്ന തടിയും വിറകും ചാലക്കുടി, വെട്ടിക്കുളം, മുടിക്കര എന്നീ സർക്കാർ ഡിപ്പോകളിലിറക്കുന്ന ജോലിക്ക് ശ്രീ. മാത്യു ജോർജ്ജ് എന്ന കരാറുകാരൻ സമർപ്പിച്ചിരുന്ന അടിസ്ഥാന നിരക്കിന്റെ 68% കൂടുതൽ നിരക്കിലുള്ള ടെൻഡർ ഒന്നാം പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. അതുപ്രകാരം ജോലി നടന്നുവരവെ ടി ഡിപ്പോകളിൽ തടി ഇറക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ഇല്ലാതെ വന്നതിനാൽ കരാർ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി വെട്ടിക്കാട് ഡിപ്പോയിൽ തടി ഇറക്കുന്നതിന് തൃശ്ശൂർ കൺസർവേറ്റർ അനുമതി നൽകുകയുണ്ടായി. ഡിപ്പോകളിൽ സ്ഥലപരിമിതി മൂലം എൻ.ആർ.എഫ്. കൂപ്പുകളിൽ നിന്നുള്ള തടി ശേഖരിക്കുന്ന ജോലികൾ നിർത്തിവയ്ക്കുന്നതിനെക്കാൾ അത് മറ്റ് ഡിപ്പോകളിൽ ഇറക്കുന്നതാണ് സർക്കാർ താത്പര്യത്തിന് ഗുണകരമെന്നും അതിനാൽ വെട്ടിക്കാട് ഡിപ്പോയിൽ തടി ഇറക്കുന്നതിന് അനുമതി നൽകിയ തൃശ്ശൂർ കൺസർവേറ്ററുടെ നടപടിയും അധികദൂരത്തിന് കരാറുകാരനായ ശ്രീ. മാത്യു ജോർജ്ജിന് അടിസ്ഥാന നിരക്കിന്റെ 68% കൂടുതൽ എന്ന നിരക്ക് (തടി വിറ്റുകിട്ടുന്ന തുക വർക്കിംഗ് ചാർജ്ജിനെക്കാൾ കുറവാണെങ്കിൽ പ്രസ്തുത വ്യവസ്ഥയ്ക്കു വിധേയമായി) അനുവദിച്ചു നൽകണമെന്ന് രണ്ടാം പരാമർശകത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കരാർ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി വെട്ടിക്കാട് ഡിപ്പോയിൽ തടി ഇറക്കേണ്ടിവന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ശ്രീ. മാത്യു ജോർജ്ജ് എന്ന കരാറുകാരന് പ്രസ്തുത ഡിപ്പോയിൽ തടിയിറക്കുന്നതിന് അനുമതി നൽകിയ തൃശ്ശൂർ കൺസർവേറ്ററുടെ നടപടി അംഗീകരിച്ചുകൊണ്ടും അധികദൂരത്തിന് അടിസ്ഥാനനിരക്കിന്റെ 68% കൂടുതൽ നിരക്ക് അനുവദിച്ചു ~~xxxxxxxxxxxx~~ നൽകുന്നതിനും (തടി വിറ്റുകിട്ടുന്ന തുക വർക്കിംഗ് ചാർജ്ജിനെക്കാൾ കുറവാണെങ്കിൽ പ്രസ്തുത തുക മാത്രം നൽകാ എന്ന വ്യവസ്ഥയ്ക്കു വിധേയമായി) അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സി.ഡി.ജോണി
ജോയിന്റ് സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ ആന്റ് ഇ)
ധനകാര്യവകുപ്പ് (7.7.[illegible] 7026/ഫി.ഡബ്ല്യു.എ1/95/വനം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.